# പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4565

17/12/2014-ൽ മറുപടിക്ക്

## വിദ്യാജ്യോതി, വാത്സല്യ നിധി, സ്മൃതിവനം പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. വി. ശശി എം.എൽ.എ** | **ശ്രീ. എ.പി. അനിൽകുമാർ**<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) മിഷൻ 676 പ്രകാരം നടപ്പാക്കുന്ന പദ്ധതികൾ തുടങ്ങുന്നതിനും പൂർത്തീകരിക്കുന്നതിനും സമയ പരിധി നിശ്ചയിച്ചിട്ടുണ്ടോ<br><br>ബി) ഉണ്ടെങ്കിൽ സമയ പരിധിയുടെ വിശദാംശം വെളിപ്പെടുത്തുമോ; | എ) & ബി) സമയബന്ധിതമായി പൂർത്തിയാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളത് |
| സി) വിദ്യാജ്യോതി, വാത്സല്യ നിധി, സ്മൃതിവനം പദ്ധതികൾക്കായി 2014-2015 ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ;<br><br>ഉണ്ടെങ്കിൽ പദ്ധതി തിരിച്ച് തുകയുടെ വിശദ വിവരം ലഭ്യമാക്കുമോ ;<br><br>ഡി) ഈ പദ്ധതികൾക്കായി നാളിതുവരെ എത്ര രൂപാ ചെലവഴിച്ചുവെന്ന് പദ്ധതി തിരിച്ച് പറയാമോ ? | സി) & ഡി) ഈ പദ്ധതികൾക്കായി ബഡ്ജറ്റിൽ പ്രത്യേകം തുക വകയിരുത്തിയിട്ടില്ല. എന്നാൽ വാത്സല്യനിധി പദ്ധതി നടപ്പിലാക്കുന്നതിനായി ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി 2225-01-102-95 (പ്ലാൻ) എന്ന ശീർഷകത്തിൽ 1000 രൂപ ടോക്കൺ പ്രൊവിഷൻ അനുവദിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>വിദ്യാജ്യോതി പദ്ധതിയുടെ ഭാഗമായി സർക്കാർ - എയ്ഡഡ് സ്കൂളുകളിൽ ഒന്നു മുതൽ നാലു വരെ ക്ലാസ്സുകളിൽ പഠിക്കുന്ന 1,85,000 പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങുന്നതിനായി 37 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ഈ പദ്ധതി ഹൈസ്കൂൾ വിഭാഗത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സ്മൃതിവനം പദ്ധതി പ്രകാരം 27 ശ്മശാനങ്ങൾ നവീകരിക്കുന്നതിന് 180.44 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞു. കൂടാതെ 10 ശ്മശാനങ്ങൾ നവീകരിക്കുന്നതിനുള്ള 140.09 ലക്ഷം രൂപയുടെ പ്രൊപ്പോസൽ പരിഗണനയിലാണ്

മിഷൻ 676 പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ പദ്ധതികളും നടപ്പിലാക്കുന്നതിനാവശ്യമായ ഫണ്ട് റീ അപ്രോപ്രിയേഷൻ മുഖേനയോ, കോർപ്പസ് ഫണ്ടിൽ നിന്നോ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്.

Bala K.T
സെക്ഷൻ ഓഫീസർ